പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

# ഇന്ദിരാ ആവാസ് യോജനാ പദ്ധതി

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1335

13.06.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. ഇ.പി. ജയരാജൻ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | ഇന്ദിരാ ആവാസ് യോജനാ പദ്ധതി പ്രകാരം 2011-12, 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിലെ ഗുണ ഭോക്താക്കളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; | (എ) | അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (ബി) | ഇന്ദിര ആവാസ് യോജനാ പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് ധനസഹായം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ ഘട്ടങ്ങളിലായി പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകൾ ലഭ്യമാക്കുമോ; | (ബി) | അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |
| (സി) | ഇന്ദിരാ ആവാസ് യോജനാ പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് വിവിധ വിഭാഗത്തിൽപ്പെട്ട ഗുണ ഭോക്താക്കൾക്ക് ഇപ്പോൾ നൽകിവ രുന്ന ധനസഹായം എത്രയാണെന്ന് വ്യക്തമാക്കുമോ; | (സി) | 2012-2013 വരെ കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള യൂണിറ്റ് കോസ്റ്റ് 48,500/- രൂപയും, 01.04.2013 മുതൽ 70,000/- രൂപയുമാണ്. എല്ലാ വിഭാഗത്തിനും ഇതേ നിരക്കിലാണ് തുക അനുവദിക്കുന്നത്. എന്നാൽ സംസ്ഥാന സർക്കാർ ഇത് രണ്ട് ലക്ഷം (പട്ടികജാതി, പൊതുവിഭാഗം), രണ്ടര ലക്ഷം രൂപ (പട്ടിക വർഗ്ഗം) ആക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. 70,000/-ൽ അധിക രിച്ച് വരുന്ന തുക ത്രിതല പഞ്ചായത്തു കളും സംസ്ഥാന സർക്കാരും ചേർന്ന് വഹിക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഇന്ദിരാ ആവാസ് യോജനാ പദ്ധതിക്ക് 2011-2012, 2012-13, 2013-14 വർഷങ്ങളിൽ ഓരോ വിഭാഗത്തിനും നൽകേണ്ട ആകെ ധനസഹായം എത്രയായിരുന്നുവെന്നും ഇതിൽ എത്ര തുക നൽകിയിട്ടുണ്ടെന്നും വർഷം തിരിച്ച് വ്യക്തമാക്കുമോ; | (ഡി) | അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു. |
| (ഇ) | ഇന്ദിരാ ആവാസ് യോജനാ പദ്ധതി പ്രകാരമുള്ള സർക്കാർ വിഹിതം എപ്പോൾ നൽകുമെന്ന് വിശദമാക്കുമോ; | (ഇ) | കേന്ദ്ര വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് ആനുപാതിക സംസ്ഥാന വിഹിതം നൽകുന്നതാണ് |
| (എഫ്) | സ്വന്തമായി ഒരു വീട് നിർമ്മിക്കണമെന്ന ആഗ്രഹത്താൽ കഴിയുന്ന ഗുണഭോക്താക്കൾക്ക് ധനസഹായം നൽകി വീടു നിർമ്മാണം പൂർത്തീകരിക്കുവാൻ കൈക്കൊള്ളുന്ന നടപടികളെക്കുറിച്ച് വിശദീകരിക്കുമോ? | (എഫ്) | യൂണിറ്റ് കോസ്റ്റായി കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള 70,000/- രൂപയുടെ 25% സംസ്ഥാന വിഹിതമാണ്. കേന്ദ്ര വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് തന്നെ സംസ്ഥാന വിഹിതം നൽകുന്നുണ്ട്. കൂടാതെ ഓരോ ഗുണഭോക്താവിനും അധിക ധനസഹായമായി 50,000/- രൂപ വീതം നൽകുന്നുണ്ട്. ബാക്കിയുള്ള തുക ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ 25:50:25 എന്ന അനുപാതത്തിൽ നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എൻ.ബി.എ., എം.ജി.എൻ.ആർ.ജി.എസ്. തുടങ്ങിയ പദ്ധതികളുമായി യോജിപ്പിച്ചുകൊണ്ട് കക്കൂസ് കുഴി നിർമ്മാണം, അസ്ഥിവാരം നിർമ്മിക്കുന്നതിനുള്ള വാനം വെട്ടൽ തുടങ്ങിയ പണികൾ ചെയ്തു നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**